പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1175</u> <u>03.12.2018 ൽ മറുപടിക്ക്</u>

<u>പ്രളയത്തിൽ പൊതുമരാമത്തിന് ഉണ്ടായ നാശനഷ്ടങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2018- ലെ പ്രളയത്തിൽ പൊതുമരാമത്തിന് ഉണ്ടായ നഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഭൂരിഭാഗം റോഡുകളും ഗണ്യമായ പാലങ്ങളും തകർന്നതും ബലക്ഷയം സംഭവിച്ചതും വിലയിരുത്തിയിട്ടുണ്ടോ; | ബി) പ്രളയത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിന് കീഴിലെ റോഡുകൾക്ക് 13521.69 കോടി രൂപയുടെയും പാലങ്ങൾക്ക് 568.35 കോടി രൂപയുടെയും നഷ്ടം സംഭവിച്ചിട്ടുണ്ട്.<br>ദേശീയപാത വിഭാഗത്തിൽ വിവിധ ഭാഗങ്ങളിലായി 580.51 കി.മീ റോഡുകൾക്കും , ദേശീയപാത 185 ൽ വരുന്ന ചെറുതോണി ബ്രിഡ്ജ്, ദേശീയപാത 66 ൽ വരുന്ന കാരംകോട് ബ്രിഡ്ജ്, ദേശീയപാത 744 ൽ വരുന്ന കോയിക്കൽ ബ്രിഡ്ജ് എന്നിവയ്ക്കും ഭാഗികമായ തകരാറുകൾ സംഭവിച്ചിട്ടുണ്ട്.<br>കെ.ആർ.എഫ്.ബിയുടെ കീഴിൽ വരുന്ന ശംഖുമുഖം ബീച്ച് റോഡിലെ ഏകദേശം 300 മീറ്റർ റോഡ് തകർന്നിട്ടുണ്ട്. ഇതിന് ഏകദേശം 42.62 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.<br>കെ.എസ്.ടി.പി യുടെ കീഴിൽ വരുന്ന ഇരിട്ടി - നെടുംപോയിൽ റോഡ് -0/00 നും 20/460 നും ഇടയിൽ വിവിധ സ്ഥലങ്ങളിൽ കേടുപാടുകൾ സംഭവിച്ചു. തലശ്ശേരി - വളവുപാറ റോഡ് കി.മീ 32/875 നും 51/350 |

നും ഇടയിൽ 8 സ്ഥലങ്ങളിലായി മണ്ണിടിച്ചിലുണ്ടായി. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്, തിരുവല്ല മാവേലിക്കര റോഡ് എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പാലാ - ഈരാറ്റുപേട്ട റോഡിൽ അബട്ട്മെന്റിനും സംരക്ഷണ ഭിത്തിക്കും കേട് സംഭവിച്ചിട്ടുണ്ട്. മുത്തോലി പാലത്തിന്റെ അബട്ട്മെന്റിനും സംരക്ഷണഭിത്തിക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

സി) ഇത്തരത്തിൽ തകർന്നടിഞ്ഞ സംവിധാനങ്ങൾ പുനർനിർമ്മിക്കുന്നതിന് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

സി) പ്രളയത്തെ തുടർന്ന് തകർച്ച സംഭവിച്ച റോഡുകളുടെ കണക്കുകൾ ശേഖരിക്കുകയും അടിയന്തരമായി അറ്റകുറ്റപണികൾ നടത്തേണ്ടവ, ഉപരിതലം പുതുക്കൽ ആവശ്യമായവ, ഡിസൈൻ ചെയ്ത് പുനർനിർമ്മിക്കേണ്ടവ എന്ന് തരംതിരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്ക് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതിൻ പ്രകാരം എല്ലാ റോഡുകളും മണ്ണിടിച്ചിൽ, മാലിന്യം നീക്കൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിന് ആദ്യ മുൻഗണനയും, റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കാനും, ഇതോടൊപ്പം പുനർ നിർമ്മിക്കാനുള്ള റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പുനർ നിർമ്മിക്കാനുള്ള റോഡുകളിൽ **10%** ദീർഘകാലത്തേക്ക് ഡിസൈൻ ചെയ്ത് നിർമ്മിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. രണ്ട് വർഷം കൊണ്ട് പുനർ നിർമ്മാണ പ്രവൃത്തികളെല്ലാം ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

ദേശീയപാത വിഭാഗത്തിൽ **911.75** കോടി രൂപയുടെ നാശ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19 ൽ ഉൾപ്പെടുത്തി **206.85** കോടി രൂപയുടെ വിഹിതം നീക്കി വച്ചിട്ടുള്ളതും, ആനുവൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19ൽ ഉൾപ്പെടുത്തി **74.50** കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കി വച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള **630.40** കോടി രൂപയുടെ പ്രവൃത്തികൾക്കായി

വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20 ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കി വച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽ നിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബിയുടെ കീഴിൽ വരുന്ന ശംഖുമുഖം ബീച്ച് റോഡിന്റെ പുനർ സ്ഥാപനത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായുള്ള നടപടി സ്വീകരിച്ചു വരുന്നു.

| | |
|---|---|
| ഡി) പ്രളയ ദുരന്തത്തിന് ശേഷം ഗതാഗതം പുനഃസ്ഥാപിക്കുന്നതിന് അടിയന്തരമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | ഡി) നിരത്തുകളുടെയും പാലങ്ങളുടെയും അടിയന്തര അറ്റകുറ്റപ്പണികൾ നടപ്പാക്കി വരുന്നു. റോഡുകളിൽ അടിഞ്ഞു കൂടിയ മണ്ണ്, മാലിന്യങ്ങൾ, പാറ എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുകയും സംരക്ഷണഭിത്തികൾ, കലുങ്കുകൾ എന്നിവ പുനർ നിർമ്മിക്കുകയും, ഉപരിതലത്തിലുള്ള കുഴികൾ അടച്ച് ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രവൃത്തികളും നടപ്പാക്കി വരുന്നു. തകർന്ന പാലങ്ങൾക്ക പകരം താല്ക്കാലിക പാലങ്ങൾ നിർമ്മിച്ച് ഗതാഗതം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

ദേശീയപാത വിഭാഗത്തിന് കീഴിലുള്ള റോഡുകളിൽ വിവിധ ഭാഗങ്ങളിലായി മണ്ണിടിച്ചിൽ ഉണ്ടായിട്ടുള്ളതും അത് അടിയന്തരമായി നീക്കം ചെയ്തിട്ടുള്ളതുമാണ്. കുഴികൾ അടച്ച് ഗതാഗതം പുനഃസ്ഥാപിക്കുന്നത് അന്തിമ ഘട്ടത്തിലാണ്. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്ന് 21.4 കോടി രൂപ **Flood Damage Repair (FDR) 2018-19** ൽ പെടുത്തി ലഭിച്ചിട്ടുണ്ട്.

കെ. എസ്. റ്റി.പി വിഭാഗത്തിന് കീഴിൽ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് (10.65 കോടി), തിരുവല്ല മാവേലിക്കര റോഡ് (1.92 കോടി) എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകിയിട്ടുണ്ട്. ടി പണികൾ പുരോഗമിച്ച് വരുന്നു. മുത്തോലി-

കൊഴുവനാൽ റോഡിൽ മുത്തോലി പാലത്തിന്റെ അബട്ട്മെന്റിന്റെ പുനരുദ്ധാരണവും സംരക്ഷണഭിത്തിയുടെ നിർമ്മാണവും നടത്തേണ്ടതുണ്ട്.

കെ. ആർ. എഫ്. ബിയുടെ കീഴിൽ വരുന്ന ശംഖുമുഖം ബീച്ച് റോഡിലെ 300 മീറ്റർ റോഡിന്റെ ഭാഗം ബാരിക്കേഡ് സ്ഥാപിച്ച് സുരക്ഷ ഉറപ്പ് വരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ